PERUVAYAL GRAMA PANCHAYAT

POOVATTUPARAMBA P.O, KOZHIKODE673008
Phone:0495-2492049 , email:peruvayalpanchayath@gmail.com

നമ്പർ- VEO-1/2026

ഇ-ടെണ്ടർ പരസ്യം

പെരുവയൽ ഗ്രാമപഞ്ചായത്തിൽ 2026-27 സാമ്പത്തികവർഷത്തില് വില്ലേജ് എക്സ്റ്റൻഷന് ഓഫീസർ നിർവഹണം നടത്തുന്ന ക്ലീന് പെരുവയൽ പദ്ധതിക്കായി MCF ൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് അംഗീകൃത ഏജൻസികള്/സ്ഥാപനങ്ങളില് നിന്നും ഒരു കിലോഗ്രാമിന് (എല്ലാ നികുതിയും,കയറ്റിറക്ക് കൂലിയും ,ട്രാൻസ്പോർട്ടേഷന് ചെലവും ഉൾപ്പടെ) രേഖപ്പെടുത്തിയ മത്സരാധിഷ്ഠിത ഇ-ടെണ്ടറുകൾ ക്ഷണിക്കുന്നു. കോട്ട് ചെയ്ത തുകയിൽ കൂടുതലായി യാതൊരു തുകയും പഞ്ചായത്തില് നിന്നും അനുവദിക്കുന്നതല്ല. MCF ൽ നിന്നും മാലിന്യങ്ങള് പൂർണ്ണമായും നീക്കം ചെയ്തതിനു ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.

ക്രമ നമ്പർ	പ്രൊജക്റ്റ് നമ്പര്	പദ്ധതിയുടെ പേര്	അടങ്കൽ തുക	ടെണ്ടർ ഫോറത്തിന്റെ വില	നിരദ്രവ്യം
1)	275	ക്ലീൻ പെരുവയല്	1000000/-	1000+18%GST	25000/-

ടെണ്ടർ ഫോം വെബ് സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി	24/10/2026	10:00 AM

ഇ-ടെണ്ടർ ഓൺലൈന് ആയി സ്വീകരിക്കുന്ന അവസാന തീയ്യതി	02/11/2026	05:00 PM
ടെണ്ടർ സ്പീഡ് പോസ്റ്റ് മുഖേന ലഭികേണ്ട അവസാന തീയ്യതി	03/11/2026	05:00 PM
ഇ-ടെണ്ടർ തുറക്കുന്ന തീയ്യതി	06/11/2026	11:00 AM

നിബന്ധനകൾ/വ്യവസ്ഥകൾ

1. ടെണ്ടർ സമർപ്പിക്കുന്ന വിതരണക്കാര് നിലവില് GST രെജിസ്ട്രേഷൻ ഉള്ളവരായിരിക്കണം.
2. പ്രസ്തുത പ്രവ്യത്തിക്കായി 200/- രൂപ മുദ്രപത്രത്തില് ഒപ്പിട്ട പ്രാഥമിക കരാർ ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്.
3. ദർഘാസിനോടൊപ്പം പൊലുഷന് കൺട്രോള് ബോർഡ് സർടിഫിക്കറ്റ്, ,പ്രവ്യത്തി മുൻപരിചയ സർടിഫിക്കറ്റ് എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്.
4. ഇ.എം.ഡി തുക, ടെണ്ടർ ഫീസ് എന്നിവ ഇ-പെയ്മെന്റ് മുഖേന ഒടുക്കേണ്ടതാണ്.
5. വിൽപ്പനയുമായി ബന്ധപ്പെട്ടു സർക്കാരിലേക്ക് ഒടുക്കേണ്ടതായ എല്ലാ നികുതികളും വിൽപ്പനക്കാര് ഒടുക്കേണ്ടതാകുന്നു.
6. യാതൊരു സാഹചര്യത്തിലും അഡ്വാൻസ് നൽകുന്നതല്ല.
7. ടെണ്ടർ സംബന്ധമായ എല്ലാ നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും.
8. ഇ.എം.ഡി ഓൺലൈന് ആയി ഒടുക്കിയതിന്റെ രേഖകള് ഹാജരാക്കേണ്ടതാണ്.
9. ദർഘാസ് സംബന്ധമായി നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.
10. ടെണ്ടർ ഫോമും അനുബന്ധ രേഖകളും ടെണ്ടര് സമർപ്പിക്കാനുള്ള അവസാന തീയ്യതി വരെ ഇ-ടെണ്ടർ വെബ് സൈറ്റില് നിന്നും സൌജന്യമായി ഡൌൺലോഡ് ചെയ്യാവുന്നതാണ്.
11. ടെണ്ടറുകൾ ഓൺലൈന് ആയി മാത്രമാണ് സമർപ്പിക്കേണ്ടത്.നെറ്റ്വർക്ക് തകരാർ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെണ്ടര് സ്വീകരിക്കുന്നയാള് ഉത്തരവാദി ആയിരിക്കുന്നതല്ല.
12. നിർദ്ധിഷ്ട രീതിയില് തയ്യാറാക്കിയ ദർഘാസുകള് നിശ്ചിത സമയത്തിന് മുമ്പായി ഇ-ടെണ്ടർ വെബ് സൈറ്റില് അപ്ലോഡ് ചെയ്തിരിക്കേണ്ടതാണ്.
13. പ്രിലിമിനറി എഗ്രിമെന്റ്,ഇ-പെയ്മെന്റ് ഫോം, ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവ അപ്ലോഡ് ചെയ്യാത്ത ടെണ്ടറുകള് ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
14. പ്രിലിമിനറി എഗ്രിമെന്റ്,ഇ-പെയ്മെന്റ് ഫോം,ടെണ്ടർ ഡോക്യുമെന്റ്സ്,മാലിന്യം കയ്യൊഴിയുന്നതുമായി/സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട രേഖ ,ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവയുടെ അസ്സല് രേഖകൾ ടെണ്ടര് തുറന്നു പരിശോധിക്കുന്നതിന് മുമ്പായി രെജിസ്റ്റേർഡ

തപാൽ മുഖേനയോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിച്ചിരിക്കെണ്ടതാണ്.അല്ലാത്ത പക്ഷം ടെണ്ടറുകൾ നിരസിക്കുനതാണ്.തപാൽ മുഖേനയുണ്ടാകുന്ന കാലതാമസത്തിന് ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥൻ ഉത്തരവാദി ആയിരിക്കുന്നതല്ല.

15. ഓൺലൈന് ആയി എല്ലാ രേഖകളും സമർപ്പിക്കുകയും എന്നാല് നിശ്ചിത സമയത്തിനുള്ളിൽ ഹാർഡ്കോപ്പി സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന കരാറുകാരുടെ നിരദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്.
16. നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ ടെണ്ടറുകളും നിശ്ചിത സമയത്തിന് തദവസരത്തിൽ സന്നിഹിതരായ കരാറുകാരുടെ സാന്നിധ്യത്തിൽ ഓൺലൈന് ആയി തുറക്കുന്നതാണ്.
17. കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ ടെണ്ടറുകള് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതും ഏതെങ്കിലും ടെണ്ടറോ എല്ലാ ടെണ്ടറുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അവകാശം പഞ്ചായത്ത് കമ്മിറ്റിയില് നിക്ഷിപ്തമായിരിക്കുന്നതാണ്.
18. ടെണ്ടർ തുറക്കുന്ന ദിവസം എന്തെങ്കിലും കാരണവശാല് അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ നടപടികള് നടത്തുന്നതാണ്.
19. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങള് പ്രകാരവും, ഇ-ടെണ്ടർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും GST പ്രകാരമുള്ളതും നിലവിലുള്ളതും സർക്കാര് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും ഈ ടെണ്ടർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബാധകമായിരിക്കുന്നതാണ്. നിരക്കുകളിൽ വർധനവ് ഉണ്ടാകുന്ന പക്ഷം അത് ഒടുക്കുവാൻ കരാറുകാര് ബാധ്യസ്ഥരായിരികുന്നതാണ്.
20. നീക്കം ചെയ്യുന്ന മാലിന്യങ്ങൾ കൈമാറുന്നത്/സംസ്കരിക്കുന്നത് സംബന്ധിച്ച് സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
21. ഇ-ടെണ്ടർ സംബന്ധിച്ച വിശദ വിവരംwww.etenders.kerala.gov.in എന്ന വെബ്സൈറ്റില് നിന്നോ ഗ്രാമപഞ്ചായത്ത് ഓഫീസില് നിന്നും നേരിട്ടോ അറിയാവുന്നതാണ്.
22. ടെണ്ടർ അംഗീകരിച്ചു അറിയിപ്പ് ലഭിക്കുന്ന മുറക്ക് കരാര് തുകയുടെ 5% സെക്യൂരിറ്റി നിക്ഷേപമായി അടക്കേണ്ടതും, 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറില് ഏർപ്പെടെണ്ടതുമാണ്.
23. എം.സി.എഫില് നിന്നും സമയബന്ധിതമായി റിജക്ട് നീക്കം ചെയ്തിരിക്കണം.
24. ജിപിഎസ് ഘടിപ്പിച്ച വാഹനത്തിൽ മാത്രമേ മാലിന്യം നീക്കം ചെയ്യാവൂ.
25. തൂക്കത്തിന്റെ before & after ബില്ലുകള് അതാത് സമയം തന്നെ നിര്വ്വഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തേണ്ടതാണ്

(ഒപ്പ്)
VEO
പെരുവയൽ ഗ്രാമപഞ്ചായത്ത്